## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4211. 12.11.2019- ൽ മറുപടിക്ക്**

## ഓണകാലത്ത് കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് അനുവദിച്ച റിബേറ്റ് തുക

**ചോദ്യം**
**ശ്രീ.എൽദോ എബ്രഹാം :**

**ഉത്തരം**
**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഓണക്കാലത്ത് കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് അനുവദിച്ച റിബേറ്റ് തുക എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(എ) 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വോട്ട് ഓൺ അക്കൗണ്ട് നിബന്ധന പ്രകാരം സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് 1,79,41,970/- രൂപയുടെ 70% തുകയായ 1,25,59,379/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 2019 ജൂൺ 30 ന് വോട്ട് ഓൺ അക്കൗണ്ട് കാലാവധി അവസാനിച്ചതിൽ അർഹമായ 1,79,41,970/- രൂപയിൽ വിതരണം ചെയ്ത 1,25,59,379/- രൂപ കിഴിച്ച് ബാക്കി വരുന്ന 53,82,591/- രൂപ ഓണക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നം | ജില്ല | ഓണക്കാലത്ത് നൽകിയ തുക |
|---|---|---|
| 1 | കൊല്ലം | 8,987/- |
| 2 | കോട്ടയം | 11,245/- |
| 3 | ഇടുക്കി | 11,649/- |
| 4 | എറണാകുളം | 14,32,495/- |
| 5 | തൃശ്ശൂർ | 2,67,262/- |
| 6 | പാലക്കാട് | 8,38,699/- |
| 7 | കോഴിക്കോട് | 5,61,539/- |
| 8 | വയനാട് | 64,084/- |
| 9 | കണ്ണൂർ | 17,62,953/- |
| 10 | കാസർഗോഡ് | 4,23,678/- |
| ആകെ | | 53,82,591/- |

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സംഘങ്ങൾക്കാണ് റിബേറ്റ് ലഭിച്ചതെന്ന് തുക സഹിതം വ്യക്തമാക്കാമോ?

(ബി) തിരുവനന്തപുരം ജില്ലയിൽ നിന്നും അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ